# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -313 — 30.11.2015-ലെ മറുപടിക്ക്

## സ്കൂൾ പാഠപുസ്തക അച്ചടിയിലുണ്ടായ വീഴ്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.എ.എം. ആരിഫ്<br>,, ബി.ഡി. ദേവസ്സി : | രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സ്കൂൾ പാഠപുസ്തകങ്ങളുടെയും ഹാന്റ് ബുക്കുകളുടെയും പ്രിന്റിംഗുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങളേയും കൊട്ടുകാര്യസ്ഥതകളേയും സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണഫലം വെളിപ്പെടുത്തുമോ ; | (എ) | പാഠപുസ്തകങ്ങളുടെ അച്ചടിയുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 2015-16 വർഷം 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയിൽ നിന്നും സർക്കാർ പ്രസ്സുകളെ ഒഴിവാക്കി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുന്നത് വഴി സർക്കാരിന് കോടികളുടെ നഷ്ടം വന്നു എന്നാരോപിച്ചുകൊണ്ട് ശ്രീ.എസ്.കണ്ണൻ സമർപ്പിച്ച പരാതിയിൽ ക്യൂ.വി.10/15/ എസ്.ഐ.യു II നമ്പരായി ഒരു സത്വരാന്വേഷണം നടന്നു വരുന്നു.<br>2. 2015-2016-ൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത് കർണാടകയിലെ സ്വകാര്യ പ്രസ്സിനെ ഏൽപിച്ചതിൽ ക്രമക്കേടുണ്ടെന്ന് ആരോപിച്ചുകൊണ്ട് സി-ആപ്റ്റ് ജീവനക്കാർ നൽകിയ പരാതികൾ ക്യൂ.വി.11/15/ എസ്.ഐ.യു I നമ്പരായി ഒരു സത്വരാന്വേഷണം നടത്തി. അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് വിജിലൻസ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനയിലാണ്.<br>3. അദ്ധ്യാപക പുസ്തക അച്ചടി കരാർ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവരെ ഒഴിവാക്കി മണിപ്പാൽ പ്രസ്സിന് സി-ആപ്റ്റ് |

| | | |
|---|---|---|
| | | കരാർ നൽകിയതിൽ ക്രമക്കേടുണ്ട് എന്ന് 20.07.2015-ൽ മംഗളം ദിനപത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ക്യു.വി. 18/15/ എസ്.ഐ.യു I നമ്പരായി ഒരു സത്വരാന്വേഷണം നടത്തി. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)2270/15 നമ്പരായി ഒരു റിട്ട് പെറ്റീഷൻ നിലനിൽക്കുന്നതിനാൽ ഈ സത്വരാന്വേഷണത്തിൽ തുടർനടപടി എടുത്തിട്ടില്ല. |
| (ബി) | പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് ഓർഡർ നല്കുന്നതിലുണ്ടായ വീഴ്ചകളും ടെണ്ടർ ചെയ്യുന്നതിലെ ക്രമക്കേടുകളും നഷ്ടങ്ങളും എല്ലാം സംബന്ധിച്ച് പുറത്തുവന്ന വിവരങ്ങളുടെയടിസ്ഥാനത്തിൽ സ്വമേധയാ വിജിലൻസ് അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ; | (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നുണ്ട്. |
| (സി) | ഭരണവകുപ്പിൽ നിന്നും ഇക്കാര്യത്തിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നുവോ ? | (സി) ഉന്നയിച്ചിരുന്നു. അതനുസരിച്ച് പാഠപുസ്തകങ്ങൾ അച്ചടിക്കാൻ കരാർ നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്താൻ 21.08.2015-ലെ 10546/ബി1/15/വിജി നമ്പർ കത്തുപ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം ക്യു.വി. 11/15/എസ്.ഐ.യു I നമ്പർ സത്വരാന്വേഷണത്തിൽ ഉൾപ്പെടുത്തി അന്വേഷിക്കുന്നു. |

സെക്ഷൻ ഓഫീസർ